# അല്‍ വാസിഅ് : അല്ലാഹുവിന്റെ ഗുണനാമം

اَلْوَاسِع എന്നത് അല്ലാഹുവിന്റെ ഗുണനാമങ്ങളില്‍ പെട്ട ഒരു നാമമാണ്. ഇതിന്റെ അര്‍ത്ഥം ചുവടെ ചേര്‍ക്കുന്നു. തന്റെ വിഭവങ്ങള്‍ എല്ലാ സൃഷ്ടിജാലങ്ങള്‍ക്കും വ്യാപകമായി നല്‍കുന്നവന്‍, തന്റെ റഹ്മത്ത് മറ്റെല്ലാറ്റിനേയും കവച്ചുവെക്കുന്നവന്‍, എല്ലാ ആവശ്യങ്ങളില്‍ നിന്നും സ്വയാശ്രയനായവന്‍, വളരെ കൂടുതല്‍ നല്‍കുന്നവന്‍, ചോദിക്കുമ്പോള്‍ കൂടുതലായി നല്‍കുന്നവന്‍, ഓരോ വസ്തുക്കളെയും വലയം ചെയ്യുന്നവന്‍, എല്ലാം അറിയുന്നവന്‍. അല്ലാഹുവിന്റെ ഈ സിഫത്തുമായി ബന്ധപ്പെട്ടുകൊണ്ട് മുകളില്‍ കൊടുത്തിരിക്കുന്ന അര്‍ത്ഥങ്ങള്‍ വിശുദ്ധഖുര്‍ആനില്‍ നിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. ഇപ്പോള്‍ ഞാന്‍ വിശുദ്ധഖുര്‍ആനിലെ ചില ആയത്തുകള്‍ നിങ്ങളെ കേള്‍പ്പിക്കുന്നതാണ്. അതില്‍ اَلْوَاسِع എന്ന സിഫത്തിനെ മുന്‍നിര്‍ത്തിക്കൊണ്ട് അല്ലാഹു വിശ്വാസികളെ ചില കാര്യങ്ങള്‍ ഉപദേശിച്ചിരിക്കുകയാണ്.

സൂറത്തുല്‍ ബഖറയില്‍ മനുഷ്യരെ ശൈത്വാന്‍ വഴിതെറ്റിക്കുന്നതിനെകുറിച്ച് പരാമര്‍ശിച്ചുകൊണ്ട് അല്ലാഹു പറയുന്നു;

اَلشَّيْطٰنُ يَعِدُكُمُ الْفَقْرَ وَيَأْمُرُكُمْ بِالْفَحْشَآءِ ۚ وَاللّٰهُ يَعِدُكُمْ مَّغْفِرَةً مِّنْهُ وَفَضْلًا ۗ وَاللّٰهُ وَاسِعٌ عَلِيْمٌ ۝ 2:269

പിശാച് നിങ്ങളെ ദാരിദ്ര്യത്തെക്കുറിച്ച് ഭീഷണിപ്പെടുത്തുകയും നീചകൃത്യങ്ങള്‍ക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു നിങ്ങള്‍ക്ക് തന്റെ പക്കല്‍നിന്നുള്ള പാപപ്പൊറുതിയും അനുഗ്രഹവും വാഗ്ദാനം ചെയ്യുന്നു. അല്ലാഹു ഔദാര്യത്തില്‍ വളരെ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു. (2:269)

ശൈത്താന്‍ അല്ലാഹുവില്‍നിന്നും അവന്റെ ദാസരെ അകറ്റുന്നതിന്നായി ഉപയോഗിക്കുന്ന രണ്ട് മാര്‍ഗ്ഗങ്ങളെ കുറിച്ചാണ് ഈ ആയത്തില്‍ അല്ലാഹു വിവരിക്കുന്നത്. ഒന്ന് ദാരിദ്ര്യം. രണ്ട് നീചകൃത്യങ്ങള്‍ ചെയ്യാന്‍ പ്രേരിപ്പിക്കല്‍. ദാരിദ്ര്യത്തെ തൊട്ട് ഭയപ്പെടുത്തുന്നതിന്ന് വിവിധ വഴങ്ങളുണ്ട്. പിശാച് അല്ലാഹുവിനോട് പറഞ്ഞിരിക്കുന്നത് എല്ലാ വഴികളിലും ഇരുന്നുകൊണ്ട് നിന്റെ മാര്‍ഗ്ഗത്തില്‍നിന്നും ജനങ്ങളെ വഴിതെറ്റിക്കുന്നതിന്നായി ഞാന്‍ ശ്രമിക്കുമെന്നാണ്. തന്റെ ഈ വാദം പൂര്‍ത്തിയാക്കുന്നതിന് അവന്‍ ഒരു മാര്‍ഗ്ഗവും തന്നെ വിട്ടുകളഞ്ഞിട്ടില്ല. അവന്‍ ഓരോ വഴിയിലും ഇരുന്നുകൊണ്ട് ജനങ്ങളെ വഴിതെറ്റിക്കുന്നത് അവന്റെ സ്വയമുള്ള കഴിവുകൊണ്ടല്ല, മറിച്ച് അല്ലാഹുവിനോട് അവന്‍ 'ഞാന്‍ എല്ലാ മാര്‍ഗ്ഗങ്ങളിലും ഇരുന്നുകൊണ്ട് വഴിതെറ്റിക്കും ' എന്ന് പറഞ്ഞപ്പോള്‍ അല്ലാഹു അതിന് സമ്മതം മൂളുകയാണ് ചെയ്തത്. എന്നിട്ട് അല്ലാഹു പറഞ്ഞു, നീ വഴിതെറ്റിക്കുകയാണെങ്കില്‍, നിന്നെ പിന്‍പറ്റുന്നവരെ ഞാന്‍ നരകത്തില്‍ പ്രവേശിപ്പിക്കുന്നതാണ്. ഈ കാര്യം അല്ലാഹു വിശുദ്ധഖുര്‍ആനില്‍ നമുക്ക് വിവരിച്ചുതന്നിട്ടുണ്ട്. അവന്‍ പറയുന്നു, നിങ്ങള്‍ക്ക് എന്റെ യഥാര്‍ത്ഥദാസരായിത്തീരണമെന്നുണ്ടെങ്കില്‍ പിശാചില്‍ നിന്നും വിട്ടുനില്‍ക്കുക. പിശാച് വഴി പിഴപ്പിക്കാന്‍ ഉപയോഗിക്കുന്ന മാര്‍ഗ്ഗങ്ങള്‍ നിങ്ങള്‍ക്ക് വളരെ നല്ലതായിതോന്നുന്നതാണ്. എന്നാല്‍ അതിന്റെ പര്യവസാനം ഒരിക്കലും നല്ലതാവില്ല.

പിശാചില്‍നിന്നും വിട്ടുനില്‍ക്കുന്നതിന് വിവിധസ്ഥലങ്ങളില്‍ അല്ലാഹു നമ്മെ ഉപദേശിക്കുന്നു. അവനെ പിന്‍പറ്റുന്നതുകൊണ്ടുള്ള നഷ്ടങ്ങളെ കുറിച്ചും വിവരിക്കുന്നുണ്ട്. ഒരു സ്ഥലത്ത് അല്ലാഹു പറയുന്നു,

പിശാച് ആഗ്രഹിക്കുന്നത് അവരെ വ്യക്തമായ വഴികേടിലാക്കാനാണ്. മറ്റൊരു സ്ഥലത്ത് പറയുന്നു,

وَيُرِيْدُ الشَّيْطٰنُ اَنْ يُّضِلَّهُمْ ضَلٰلًا ۢ بَعِيْدًا ۝ 4:61

പിശാച് നിങ്ങളെ വലിയ നഷ്ടത്തില്‍ അകപ്പെടുത്തുന്നതാണ്. (4:61) നിങ്ങളുടെ സുഹൃത്തായി ചമഞ്ഞുകൊണ്ട് നിങ്ങളെ നഷ്ടത്തില്‍ അകപ്പെടുത്തുന്നു. മറ്റൊരു സ്ഥലത്ത് പറയുന്നു.

اِنَّ الشَّيْطٰنَ لَكُمَا عَدُوٌّ مُّبِيْنٌ ۝ 7:23

തീര്‍ച്ചയായും പിശാച് നിങ്ങള്‍ ഇരുവരുടേയും പ്രത്യക്ഷശത്രുവാണ്.(7:23) ഇവിടെ ആദം,ഹവ്വ എന്നിവരെ പരാമര്‍ശിച്ചുകൊണ്ടാണ് പറയുന്നതെങ്കിലും അവരിരുവരിലും മാത്രം ഈ പ്രക്രിയ അവസാനിക്കുന്നില്ല. ഇവിടെ സ്ത്രീവര്‍ഗ്ഗത്തേയും പുരുഷവര്‍ഗ്ഗത്തേയും ഉണര്‍ത്തുകയാണ് ചെയ്യുന്നത്. പിശാച് നിങ്ങള്‍ ഇരുകൂട്ടരുടേയും പ്രത്യക്ഷശത്രുവായതുകൊണ്ട് അവന്റെ വലയില്‍ നിങ്ങള്‍ കുടുങ്ങുവാന്‍ പാടില്ല. നിങ്ങള്‍ സല്‍പ്രവൃത്തികള്‍ ചെയ്യുകയും ഇബാദത്തില്‍ ശ്രദ്ധചെലുത്തുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് ഇപ്രകാരം അരുളുകയുണ്ടായി. "വിശുദ്ധഖുര്‍ആനില്‍ പറയപ്പെട്ട സംഭവങ്ങളും കഥകളും എല്ലാം തന്നെ ആദ്യകാലത്തുള്ള സംഭവങ്ങള്‍ വിവരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയല്ല വിവരിച്ചിരിക്കുന്നത്. ഇതെല്ലാം ഭാവിയിലേക്കുള്ള പ്രവചനങ്ങള്‍ കൂടിയാണ്. ഭാവിയിലും ഇങ്ങിനെയെല്ലാം സംഭവിക്കുന്നതാണെന്ന മുന്നറിയിപ്പാണ് ഇവയെല്ലാം നല്‍കുന്നത്. " അതുകൊണ്ട് യഥാര്‍ത്ഥ മുഅ്മിനീങ്ങളാണെങ്കില്‍ വളരെ ജാഗരൂഗരായി മുന്നോട്ട് പോകുക.

കാലം മാറുന്നതനുസരിച്ച് പിശാചിന്റെ വഴിതെറ്റിപ്പിക്കുന്ന ശൈലിയും മാറിക്കൊണ്ടിരിക്കുന്നുണ്ട്. ഓരോ പുതിയ കണ്ടുപിടിത്തങ്ങളും പുരോഗതിയിലേക്കുള്ള മനുഷ്യന്റെ ഓരോ കാല്‍വെപ്പും നമുക്ക് പല ഗുണങ്ങളും നല്‍കിക്കൊണ്ടിക്കുന്നുണ്ടെങ്കിലും അവയെല്ലാം പിശാച് ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഉപയോഗിച്ചുകൊണ്ട് പിശാച് നിങ്ങളെ വഴിതെറ്റിക്കുമെന്നും അവനെ പിന്‍പറ്റിയാല്‍ വഴികേടില്‍ നിങ്ങള്‍ അകപ്പെടുമെന്നും അല്ലാഹു നമ്മേ ഉണര്‍ത്തുന്നു.

ഞാന്‍ ആദ്യം പാരായണം ചെയ്ത സൂറ ബഖറയിലെ ആയത്തില്‍ അല്ലാഹു പറയുന്നത് ദാരിദ്ര്യത്തെ തൊട്ട് പിശാച് നിങ്ങളെ ഭയപ്പെടുത്തുന്നു എന്നാണ്. ദാരിദ്ര്യത്തിന് فَقَرْ എന്ന വാക്കാണ് അറബിയില്‍ ഉപയോഗിക്കുന്നത്. ദാരിദ്ര്യത്തിനും നട്ടെല്ല് ഒടിയുന്നതിനും فَقَرْ എന്ന് പറയും. അല്ലാഹു പറയുന്നു, പിശാച് നിങ്ങളോട് പറ

യുന്നത് ഈ പ്രവർത്തി നിങ്ങൾ ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് നിലനിൽക്കാൻ പോലും സാധ്യമല്ലാതെ വരും എന്നാണ്. ഇന്ന ത്യാഗം ചെയ്താൽ നിങ്ങൾ ദാരിദ്ര്യത്തിൽ അകപ്പെടുകയും ഭൗതിക നേട്ടങ്ങൾ കൊയ്യുന്ന ഈ ലോകത്ത് ഇതുകാരണം നിങ്ങൾ വളരെ പിറകിലായിപ്പോകുന്നതുമാണ്. ഈ ഖുർബാനി നിങ്ങൾ ചെയ്താൽ നിങ്ങൾക്ക് നിങ്ങളുടേതായ സ്ഥാനമാനങ്ങൾ ഉണ്ടാക്കാനേ കഴിയില്ല. ത്യാഗം ചെയ്യുന്നതിൽ നിന്നും ഈ രീതിയിൽ പിശാച് വഴിതെറ്റിക്കുന്നു. ചിലപ്പോൾ അവൻ പറയും ഈ വിലപ്പെട്ട സമയം ജോലി ചെയ്യാനുള്ളതാണ്, അത് ആരാധനക്കായി നീക്കിവെക്കുകയാണെങ്കിൽ വലിയ നഷ്ടം വരും. ചിലപ്പോൾ അവൻ പറയും ഇതാ ഈ സമയത്ത് നീ നിന്റെ പണം മതപരമായ കാര്യങ്ങൾക്ക് നൽകുകയാണെങ്കിൽ വലിയ നഷ്ടമായിരിക്കും ഉണ്ടാക്കുക. ഇന്ന് ഈ ധനം ഇവിടെ ചെലവഴിച്ചാൽ നിന്റെ മക്കൾ പട്ടിണികിടക്കേണ്ടതായിവരും. ഇതെല്ലാം പറഞ്ഞ് അവൻ ഭയപ്പെടുത്തുന്നു. എന്നാൽ അല്ലാഹുവിന്റെ ദാസൻ പിശാചിന്റെ ഭയപ്പെടുത്തലിനെ ഒരിക്കലും ഗൗനിക്കുന്നില്ല.

ധനത്യാഗത്തെക്കുറിച്ച് എഴുതിയ ഒരു ലേഖനം കഴിഞ്ഞദിവസം ഞാൻ അൽ ഫള്ൽ പത്രത്തിൽ വായിക്കാനിടയായി. അതിൽ ലേഖകൻ റബ്വയിലെ ഒരഹ്മദിയുടെ സംഭവം വിവരിക്കുന്നുണ്ട്. ഈ അഹ്മദി ഇറച്ചിക്കടയിൽ പോയി ഇറച്ചി വാങ്ങുകയായിരുന്നു. അപ്പോഴാണ് ഒരു സൈക്കിളിൽ സെക്രട്ടറി മാൽ കടന്നുപോകുന്നത് കണ്ടത്. സെക്രട്ടറി മാൽ ഇദ്ദേഹത്തെ കണ്ടപ്പോൾ ചന്ദയുടെ ബാലൻസിനെ കുറിച്ച് ഓർമ്മപ്പെടുത്തുകയുണ്ടായി. ഉടനെത്തന്നെ അദ്ദേഹം ചോദിച്ചു, എത്രയാണ് ബാലൻസ് ഉള്ളത്? എന്നിട്ട് അവിടെ നിന്ന്കൊണ്ട് തന്നെ ചന്ദ നൽകുകയും റസീത് കൈപറ്റുകയും ചെയ്തു. അദ്ദേഹം ഇറച്ചിക്കടക്കാരനോട് പറഞ്ഞു, എനിക്ക് ഇന്ന് ഇറച്ചി വേണ്ട. സാധാ ഭക്ഷണം ഞങ്ങൾ കഴിച്ചുകൊള്ളാം. ഇങ്ങനെയുള്ള ദാസർ ഒരിക്കലും പിശാചിന്റെ വലയത്തിൽ വരുന്നവരല്ല. ശൈത്താൻ ഇവരുടെ ചെവിയിൽ ഇപ്രകാരം മന്ത്രിക്കും, "നിന്റെ മക്കൾ ഇന്ന് ഇറച്ചി ഭക്ഷിക്കാൻ ആഗ്രഹിച്ചിട്ടും നീ അവർക്ക് അത് നൽകുന്നില്ലേ?"

അഹ്മദിയ്യാചരിത്രത്തിൽ ധനത്യാഗരംഗത്ത് മുന്നേറുന്നവർ മാംസം മാത്രമല്ല ഉപേക്ഷിക്കുന്നത്, പട്ടിണി കിടന്ന് പോലും ധനത്യാഗം ചെയ്യുന്ന ശതക്കണക്കിന് ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നതാണ്. ജീവൻ ബലിയർപ്പിക്കുന്ന കാര്യത്തിലും അഹ്മദികൾ മുന്നിലാണ്. സാധാരണക്കാരായ നൂറുകണക്കിന് പേരാണ് പാകിസ്ഥാനിൽ നിത്യവും മരിച്ചുവീഴുന്നത്. എപ്പോൾ ആർക്ക് വെടിയേൽക്കും എന്ന് പറയാൻ പറ്റാത്ത ഒരു സാഹചര്യമാണ് അവിടെയുള്ളത്. അഹ്മദികൾക്ക് അവർ അഹ്മദിയാണെന്ന കാരണത്താൽ മരണം ഏതുനിമിഷവും വരാം എന്ന് പൂർണ്ണബോധ്യമുള്ളവരാണ്. എന്നിട്ടും അല്ലാഹുവിനു വേണ്ടി അവർ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ചരിത്രത്തിൽ സയ്യിദുശ്ശുഹദാഅ് ഹദ്റത്ത് അബ്ദുല്ലത്തീഫ് സാഹിബ് ശഹീദ്, മൗലവി അബ്ദുർറഹീം സാഹിബ് എന്നിവരുടെ ശഹാദത്തുകൾ സ്മരണീയമാണ്. കാബൂളിൽ വെച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്താണ് ഇത് രണ്ടും നടന്നത്. അല്ലാഹുവിന്റെ പ്രീതിക്കായി തങ്ങളുടെ ജീവൻപോലും ബലിയർപ്പിക്കുന്ന അല്ലാഹുവിന്റെ ദാസരാണ് തങ്ങളെന്ന സന്ദേശമാണ് ഈ ശഹാദത്തുകൾ ലോകത്തിന് നൽകുന്നത്. അഹ്മദിയ്യാ ചരിത്രത്തിൽ ഡസൻ കണക്കിന് ഇങ്ങിനെയുള്ള ഉദാഹരണങ്ങൾ കാണാൻ സാധിക്കുന്നതാണ്. പെട്ടെന്നുള്ള ആക്രമണം മൂലമല്ല അഹ്മദികൾ ശഹീദാകുന്നത്. മറിച്ച് തങ്ങളുടെ ആശയത്തിൽ നിലയുറപ്പിച്ചുകൊണ്ട് സധൈര്യം ഈ ശഹാദത്തുകളുടെ മാതൃകകൾ അവർ നിലനാട്ടിക്കാണിച്ചു.

അല്ലാഹു പറയുന്നു, "പിശാച് പലരീതിയിലും നിങ്ങളെ ത്യാഗത്തിൽ നിന്ന് പിൻതിരിപ്പിക്കാൻ ശ്രമിക്കും. ജീവൻ ത്യാഗം ചെയ്യേണ്ടിവരുമ്പോൾ നിങ്ങളുടെ മക്കളുടെ ഭാവി എന്താകുമെന്ന് ഭയപ്പെടുത്താൻ ശ്രമിക്കും. എന്നാൽ യഥാർത്ഥവിശ്വാസി ഇതിലൊന്നും പതറില്ല.

ഇക്കാലത്ത് സമ്പത്തിനും നട്ടെല്ല് എന്ന് പറയാറുണ്ട്. സമയവും അഭിമാനവും ജീവനും ത്യാഗം ചെയ്യുന്നവരോട് സാമ്പത്തിക തകർച്ചയേകുറിച്ച് ഭയപ്പെടുത്തിക്കൊണ്ട് അതിൽനിന്നും പിൻതിരിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ അവർ ഒരിക്കലും ത്യാഗങ്ങളിൽനിന്ന് വിട്ടുനിൽക്കുകയില്ല.

നിസാമെജമാഅത്തുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന ഓരോ അഹ്മദിയും തങ്ങളുടെ സമയത്തിന്റെ കുറച്ചുഭാഗമെങ്കിലും ജമാഅത്തിന് നൽകുന്നു. അതുകൊണ്ട് സമയം ത്യാഗം ചെയ്യുന്നതിനേകുറിച്ച് ഓരോ അഹ്മദിയും അറിവുള്ളവരാണ്. ചുരുങ്ങിയപക്ഷം ജൽസകളിലും മീറ്റിങ്ങുകളിലും പങ്കെടുത്തുകൊണ്ട് അവർ സമയം നൽകുന്നു. ഭൂരിഭാഗം ആളുകളും ജുമുആ ദിവസം തങ്ങളുടെ സമയം ത്യാഗം ചെയ്തുകൊണ്ട് ജുമുആയിൽ പങ്കെടുക്കുന്നു. ഇതിൽ നിന്നും തടയുന്നതിനുള്ള പിശാചിന്റെ ഒരു തന്ത്രത്തിലും അവരാരും കുടുങ്ങിപ്പോകുന്നില്ല. എന്നാൽ വളരെക്കുറച്ചുപേർ ജുമുആകളിലും, പെരുന്നാൾ നമസ്കാരത്തിൽ പോലും പങ്കെടുക്കാത്തവരുമുണ്ട്. തങ്ങളുടെ ബിസ്സിനസ്സിനായി ഈ ഇബാദത്തുകൾ ത്യജിക്കുന്നവരാണവർ. അവരുടെ നമസ്കാരങ്ങളുടെ അവസ്ഥയാണെങ്കിൽ അതും വളരെ മോശം തന്നെ. അഹ്മദികളിൽ വലിയൊരുവിഭാഗം ആളുകളും നമസ്കാരത്തിന് വേണ്ടത്ര സമയം നൽകുന്നില്ല. അതിനുള്ള കാരണം തങ്ങളുടെ വ്യവഹാരങ്ങളിലും ജോലികളിലും അവർ നിമഗ്നരാവുകയും ഇബാദത്തിനുവേണ്ടി സമയം ത്യാഗം ചെയ്യാൻ തയ്യാറാകുകയും ചെയ്യാത്തതുകൊണ്ടാണ്. ഇങ്ങിനെ പിശാച് ദാരിദ്ര്യത്തെ തൊട്ട് ഭയപ്പെടുത്തിക്കൊണ്ട് നമസ്ക്കാരത്തിന് സമയം ത്യാഗംചെയ്യുന്നതിൽ നിന്നും നിങ്ങളെ വിട്ടുനിർത്താൻ ശ്രമിക്കുന്നു. യഥാർത്ഥമുഅ്മിനീംകൾ ഇതിൽനിന്നെല്ലാം ജാഗരൂഗരായിരിക്കേണ്ടതാണ്.

ചുരുക്കത്തിൽ അല്ലാഹുവിൽ നിന്ന് ജനങ്ങളെ അകറ്റുവാനുള്ള പല അടവുകളും പിശാചിന്റെ പക്കലുണ്ട്. ഒരു ഭാഗത്ത് ദാരിദ്ര്യത്തിന്റെ പേരും പറഞ്ഞ് നിങ്ങളെ ഭയപ്പെടുത്തുമ്പോൾ, മറുഭാഗത്ത് നീചകൃത്യങ്ങൾ ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ട് നിങ്ങളുടെ സമയവും ധനവും എല്ലാം ചെലവഴിക്കാൻ പിശാച് പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഭൗതികതയോട് താത്പര്യമുള്ളവർ അനാവശ്യകാര്യങ്ങൾക്കുവേണ്ടി തങ്ങളുടെ ധനവും സമയവും പാഴാക്കുന്നു. ഒരു അവിശ്വാസിയെ ഭൗതികകാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ പിശാച് പ്രേരണ നൽകുന്നു. അങ്ങിനെ വിനോദങ്ങളിലും ചൂതാട്ടത്തിലും മദ്യപാനത്തിലും മറ്റു വ്യർത്ഥമായ കാര്യങ്ങൾക്കുമായി പണം ചെലവഴിക്കാൻ പിശാച് അവരെ പ്രേരിപ്പിക്കുന്നു. പിശാചിനെ പിൻപറ്റുന്നവർ കണക്കില്ലാതെ ഇങ്ങനെയുള്ള കാര്യങ്ങൾക്കായി ചെലവഴിക്കുന്നു. എന്നാൽ അവർക്ക് ഇതിനെക്കുറിച്ച് ഒരു മനഃപ്രയാസവും ഉണ്ടാകുന്നില്ല. കാരണം താത്ക്കാലിക ആസ്വാദനത്തിനുള്ള വസ്തുക്കളിലേക്ക് വളരെ തന്ത്രപരമായ രീതിയിൽ പിശാച് മനുഷ്യനെ കൊണ്ടുപോകുകയും അങ്ങിനെ താൻ ചെയ്യുന്നത് തെറ്റാണെന്ന ചിന്ത തന്നെ മനുഷ്യൻ മറന്നുപോകുകയും ചെയ്യുന്നു. അതുകൊണ്ട് വിശ്വാസികളോട് അല്ലാഹു പറഞ്ഞു.

وَّلَا تَتَّبِعُوْا خُطُوٰتِ الشَّيْطٰنِ ؕ നിങ്ങൾ പിശാചിന്റെ കാൽപ്പാടു

കളെ പിൻതുടരരുത്. അല്ലാഹുവിൽ നിന്ന് നിങ്ങളെ അകറ്റുവാനുള്ള പൂർണ്ണ പരിശ്രമത്തിലാണവൻ. അവനിൽ നിന്ന് ഒരിക്കലും നന്മ പ്രതീക്ഷിക്കേണ്ടതില്ല.പിശാചിൽ നിന്ന് വല്ല നന്മയും ലഭിക്കും എന്ന് ചിന്തിക്കുന്നതുതന്നെ വിഡ്ഢിത്തമാണ്.കാരണം അവന്റെ ജോലി ദുഷ്പ്രവർത്തനത്തിലേക്ക് ജനങ്ങളെ കൊണ്ടുപോകുക എന്നതാണ്.പിശാചിനെക്കുറിച്ച് നിങ്ങളുടെ മനസ്സിലുളളതെന്താണെന്ന് ഒരു ഭൗതികവാദിയോട് ചോദിച്ചാൽ അവൻ പറയുന്നതും അല്ലാഹു അവനിൽ നിന്നും നമ്മേ രക്ഷിക്കട്ടെ എന്നാണ്.എന്നിട്ടും അവർ ത്യാഗങ്ങളിൽ നിന്നും വിട്ടുനിന്നുകൊണ്ട് തിന്മയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്.ഇവരെയെല്ലാം തന്റെ കൂടെ കൂട്ടികൊണ്ട് മനുഷ്യരിൽ ഭൂരിഭാഗം ആളുകളേയും അല്ലാഹുവിൽ നിന്നും അകറ്റുന്നതാണെന്ന വാക്ക് പിശാച് പാലിക്കുകയാണ് ചെയ്യുന്നത്.

അല്ലാഹു പറയുന്നു. നിങ്ങൾ എന്നിലേക്ക് വരിക. അതാണ് നിങ്ങളുടെ ജീവിത ലക്ഷ്യം. ഇതിനുള്ള മാർഗ്ഗം തൗബ ചെയ്തുകൊണ്ട് എന്നിലേക്ക് തിരിയുക എന്നതാണ്. അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് ഞാൻ പൊറുത്തുതരുന്നതാണ്. കഴിഞ്ഞുപോയ തെറ്റുകുറ്റങ്ങൾ ഞാൻ നിങ്ങൾക്ക് പൊറുത്തു തരുന്നതാണ്. ഭാവിയിൽ നന്മകൾ ചെയ്യാനും ത്യാഗങ്ങൾ വരിക്കാനുമുള്ള തൗഫീഖ് നൽകുകയും നിങ്ങൾക്ക് പാപപ്പൊറുതിയും ഔദാര്യവും നൽകുകയും ചെയ്യുന്നതാണ്.അല്ലാഹു يَعِدُكُمْ എന്ന് പറഞ്ഞ്കൊണ്ട് പറയുന്നത്; നിങ്ങളുടെ പശ്ചാത്താപം യഥാർത്ഥമാണെങ്കിൽ തീർച്ചയായും പൊറുക്കപ്പെടുന്നതാണ് എന്നാണ്. അല്ലാഹു നിങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുതരിക മാത്രമല്ല ചെയ്യുക, മറിച്ച് മനുഷ്യചിന്തക്കതീതമായ രീതിയിൽ അവന്റെ ഔദാര്യത്തിന്റെ കവാടങ്ങൾ നിങ്ങൾക്കായി തുറക്കപ്പെടുകയും ചെയ്യുന്നതാണ്.

ഈ ആയത്തിൽ ദാരിദ്ര്യത്തെക്കുറിച്ച് പിശാച് ഭയപ്പെടുത്തുന്നുണ്ടെങ്കിലും ഖിയാമത്ത് നാളിൽ അവൻ ഇതെല്ലാം നിഷേധിക്കുന്നതാണെന്ന് അല്ലാഹു പറയുന്നു.എന്നാൽ അല്ലാഹു പൊറുക്കലിനെക്കുറിച്ച് വാഗ്ദാനം നൽകുന്നു. ഈ ലോകത്തും അവൻ തന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് നൽകുന്നതാണ്. പരലോകത്തും അവൻ വാഗ്ദാനം ചെയ്തതുപോലെ പൊറുക്കലിന്റെ പുതപ്പിൽ നിങ്ങളെ പൊതിയുന്നതുമാണ്. പിശാച് ദുഷ്പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്നു.ഇതുകാരണം ഭൗതികലോകത്തുതന്നെ പല ആപത്തുകളും ജനങ്ങളെ പിടികൂടുന്നു. ചില അശ്ലീലപ്രവർത്തനങ്ങൾ കാരണം മനുഷ്യൻ രോഗത്തിന്റെ പിടിയിൽ വരുന്നു. ഭൗതികമായ നഷ്ടങ്ങളും ആത്മീയനഷ്ടങ്ങളും അവർക്ക് അനുഭവിക്കേണ്ടിവരുന്നു. ആത്മീയലോകത്ത് ശിക്ഷക്ക് അവർ പാത്രമായിത്തീരുന്നു. എന്നാൽ വിശ്വാസികളിൽ അവൻ തന്റെ ഫള്ല് വർദ്ധിപ്പിച്ചുകൊണ്ടേ ഇരിക്കുന്നതാണ്. ബർക്കത്തുകളുടെ കവാടങ്ങൾ അവർക്കായി തുറക്കപ്പെട്ടുകൊണ്ടിരിക്കും. ഇത് ഇരുലോകത്തും മനുഷ്യന്റെ പദവികൾ ഉയർത്തുന്നതായിരിക്കും. അല്ലാഹുവിന്റെ ഈ വാഗ്ദാനം സത്യമാണ്. ആകാശഭൂമികളുടെ സ്രഷ്ടാവായ അല്ലാഹുവിന്റെ വാഗ്ദാനമാണിത്. അവന്റെ പക്കൽ അവസാനിക്കാത്ത ഔദാര്യത്തിന്റെ ഖജനാവുണ്ട്.

ഒരഹ്മദി ഇന്ന് ഏതു തരം ത്യാഗം ചെയ്യുന്നുണ്ടെങ്കിലും ഓരോ ത്യാഗത്തിനുശേഷവും മനുഷ്യന് ചിന്തിക്കാൻ പോലും കഴിയാത്തത്ര അനുഗ്രഹങ്ങൾ അല്ലാഹു നൽകുന്നുണ്ടെന്ന് അവൻ അറിയുന്നു. അല്ലാഹു അവനെ ഏതെല്ലാം രീതിയിലാണ് സഹായിക്കുന്നത് എന്നവൻ അറിയുന്നു. ധനത്യാഗം ചെയ്യുന്നവരുടെ ധനത്തിൽ അവർ ഊഹിക്കാത്ത തരത്തിലുള്ള അനുഗ്രഹങ്ങൾ അല്ലാഹു ചൊരിയുന്നു. ചിലർ എനിക്ക് കത്തെഴുതികൊണ്ട് പറയാറുണ്ട്, അവരുടെ രിസ്ഖിൽ എന്തുമാത്രം വർദ്ധനവാണ് ഇത് മുഖേന ഉണ്ടായതെന്ന്. ജീവൻ ബലിയർപ്പിക്കുന്നവരുടെ മക്കളിലും അല്ലാഹു അനുഗ്രഹം ചൊരിയുന്നു. ആ അനുഗ്രഹങ്ങൾ അവരുടെ മക്കൾക്ക് ഊഹിക്കാൻ പോലും കഴിയാത്തത്ര കൂടുതലായിരിക്കും. അഹ്മദിയ്യത്തിന് വേണ്ടി ശഹാദത്ത് വരിച്ചവരുടെ കുടുംബങ്ങൾ ഈ ശഹാദത്തുകൾ അവരിൽ അനന്തമായ അനുഗ്രഹങ്ങൾ വർഷിക്കുന്നതിന് കാരണമായിത്തീർന്നു എന്നംഗീകരിക്കുന്നവരാണ്. وَاسِعٌ عَلِيمٌ മായ അല്ലാഹുവിന്റെ ഫള്ലിന്റെ അറ്റമില്ലാത്ത കാഴ്ചകൾ അവർക്ക് കാണാൻ സാധിച്ചു. ഇവിടെ عَلِيْم എന്ന് പറഞ്ഞുകൊണ്ട് നിങ്ങളുടെ ത്യാഗങ്ങളും നിങ്ങളുടെ പ്രവർത്തനങ്ങളും എല്ലാം അവൻ ശരിക്കും അറിയുന്നു എന്നാണ് വ്യക്തമാക്കുന്നത്. അല്ലാഹുവിന്റെ പ്രീതിക്കായി ഭാവിയിൽ നിങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് വിശാലത നൽകുന്ന അല്ലാഹു അതിരറ്റ അനുഗ്രഹങ്ങൾ നൽകുന്നതാണ്.

അല്ലാഹു തന്റെ ദാസരിൽ എങ്ങനെയാണ് കൂടുതലായ അനുഗ്രഹങ്ങൾ ഇറക്കുന്നത് എന്ന് നോക്കുക. പശ്ചാത്താപവും പാപമോചനവും സത്പ്രവർത്തിയും ത്യാഗവും മാത്രമല്ല അവരുടെ പൊറുക്കലിന് കാരണമായിത്തീരുക, മറിച്ച് വിശ്വസിക്കുകയും തൗബാ ചെയ്യുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചരിക്കാൻ പരിശ്രമിക്കുകയും അതിന്നായി ത്യാഗം ചെയ്യാൻ സന്നദ്ധരാകുകയും ചെയ്യുന്ന ദാസർക്കായി അല്ലാഹുവിന്റെ മലക്കുകളെ പാപപ്പൊറുതി തേടുന്നതിന്നായി നിയോഗിച്ചുകൊണ്ട് തന്റെ അതിവിശാലമായ അനുഗ്രഹങ്ങൾ അവൻ ചൊരിയുകയും ചെയ്യുന്നു.

സൂറ: അൽ മുഅ്മിനിൽ അല്ലാഹു പറയുന്നു. (40.8)

اَلَّذِيْنَ يَحْمِلُوْنَ الْعَرْشَ وَمَنْ حَوْلَهٗ
يُسَبِّحُوْنَ بِحَمْدِ رَبِّهِمْ وَيُؤْمِنُوْنَ بِهٖ
وَيَسْتَغْفِرُوْنَ لِلَّذِيْنَ اٰمَنُوْا ۚ رَبَّنَا
وَسِعْتَ كُلَّ شَيْءٍ رَّحْمَةً وَّعِلْمًا فَاغْفِرْ
لِلَّذِيْنَ تَابُوْا وَاتَّبَعُوْا سَبِيْلَكَ وَقِهِمْ
عَذَابَ الْجَحِيْمِ ﴿٨﴾ 40:8

സിംഹാസനത്തെ വഹിക്കുന്നവരും അതിന്റെ ചുറ്റുമുള്ളവരും തങ്ങളുടെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും അവനിൽ വിശ്വസിക്കുകയും വിശ്വസിച്ചവർക്കുവേണ്ടി പാപമോചനത്തിന്നായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. (അവർ പറയുന്നു) ഞങ്ങളുടെ നാഥാ, കാരുണ്യവും അറിവും കൊണ്ട് നീ സകല വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. അതിനാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗ്ഗം പിൻതുടരുകയും ചെയ്തവർക്ക് നീ പൊറുത്തുകൊടുക്കുകയും നരകശിക്ഷയിൽ നിന്ന് അവരെ രക്ഷിക്കുകയും ചെയ്യേണമേ. (40.8)

ഇവിടെ സിംഹാസനത്തെ വഹിക്കുന്നവർ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് മലക്കുകളാണ്. സൂറത്തുൽ ഹാഖയിൽ ഖിയാമത്തിനെ പ്രതിപാദിച്ചുകൊണ്ട് പറയുന്നത്, അന്ന് എട്ട് മലക്കുകൾ അർ

ശിനെ വഹിക്കുന്നതാണെന്നാണ്. ചുരുക്കത്തിൽ അല്ലാഹുവിന്റെ അർശ് വഹിക്കുന്നവർ എന്നതുകൊണ്ട് വിവക്ഷ അല്ലാഹുവിന്റെ മലക്കുകളാണ്. അതല്ലെങ്കിൽ സൂറാ ഫാത്തിഹായിൽ വിവരിച്ചിരിക്കുന്ന അല്ലാഹുവിന്റെ സിഫത്തുകളാണ് ഉദ്ദേശം. സൂറാ ഫാത്തിഹായിൽ പറഞ്ഞിരിക്കുന്ന സിഫത്തുകൾ ഇവയാണ്. റബ്ബ്, റഹ്മാൻ, റഹീം, മാലികിയൗമിദ്ദീൻ. ഇത് ഈ ലോകത്ത് മനുഷ്യന് പ്രയോജനം നൽകുന്നു. വിശ്വസിക്കുകയും, തൗബ ചെയ്യുകയും അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നവർക്കായി മലക്കുകൾ ദുആ ചെയ്യുന്നു. പ്രത്യേകിച്ച് ഈ സിഫത്തുകൾ പ്രകടമാക്കാനായി നിയോഗിച്ച മലക്കുകൾ. ഏതൊരു മലക്കിന്റെ ഉത്തരവാദിത്വത്തിലാണൊ ഒരു സിഫത്ത് ജനങ്ങളിൽ പ്രകടമാക്കുന്നതിന്നായി അല്ലാഹു നിയോഗിച്ചിട്ടുള്ളത് ആ സിഫത്തിനെ മുൻനിർത്തികൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ പ്രീതി കരസ്ഥമാക്കാൻ പരിശ്രമിക്കുകയും സൽപ്രവർത്തി ചെയ്യുകയും ചെയ്യുന്നവർക്കായി അവർ പ്രാർത്ഥിക്കുന്നു. അങ്ങനെയുള്ളവർ പിശാചിന്റെ ഉപദ്രവത്തിൽ നിന്നും വിട്ട് നിൽക്കുന്നതാണ്. മലക്കുകളുടെ സംവിധാനത്തിൽ ചില മലക്കുകൾ മറ്റു ചില മലക്കുകളുടെ കീഴിൽ പ്രവർത്തിക്കുന്നവരായിരിക്കും. അവരും ഈ ദാസർക്കായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നതാണ്. ചുരുക്കത്തിൽ തന്റെ സ്വാത്തികരായ ദാസർക്ക് പ്രതിഫലം വർദ്ധിപ്പിക്കുന്നതിന്നായി അല്ലാഹു മലക്കുകളുടെ സംവിധാനത്തേയും ഉപയോഗപ്പെടുത്തുന്നു. ഈ മലക്കുകളുടെ പ്രാർത്ഥന നിമിത്തം ഇവർക്ക് എപ്പോഴും നന്മയിൽ മുന്നേറാനും തൗബ ചെയ്യാനും അവസരം ലഭിച്ചുകൊണ്ടിരിക്കുന്നതാണ്.

ദാസൻ എപ്പോഴും തെറ്റുകുറ്റങ്ങളിലും ബലഹീനതകളിലും അകപ്പെട്ടുപോകുന്നു. മനുഷ്യൻ മനഃപൂർവ്വം തെറ്റു ചെയ്യാതെ വൈകല്യങ്ങൾ സംഭവിക്കുകയോ തെറ്റുപറ്റുകയോ ചെയ്യുകയാണെങ്കിൽ ഈ മലക്കുകൾ അല്ലാഹുവിന്റെ അനന്തമായ കാരുണ്യവും അറിവും മുന്നിൽ വെച്ചുകൊണ്ട് അവർക്കായി പൊറുക്കലിനെ തേടുന്നതാണ്. ഭാവിയിലും അല്ലാഹുവിനെ പിൻപറ്റിക്കൊണ്ട് ഇവർക്ക് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അവകാശികളായിത്തീരാൻ സൗഭാഗ്യം ലഭിക്കുന്നതിന്നായും പ്രാർത്ഥിക്കുന്നു.

ഈ ആയത്തിൽ റഹ്മത്തിനെക്കുറിച്ച് ആദ്യം പറഞ്ഞുകൊണ്ട് പൊറുക്കലിന്റെ കാര്യമാണ് പറയുന്നത്. അല്ലാഹുവിന്റെ റഹ്മത്തു മൂലമേ പൊറുക്കപ്പെടുകയുള്ളു. മലക്കുകൾ ഇപ്രകാരം പ്രാർത്ഥിക്കും . അല്ലാഹുവേ നീ നിന്റെ അതിവിശാലമായ കാരുണ്യത്തെ ഇറക്കിക്കൊണ്ട് മഗ്ഫിറത്ത് ചെയ്യേണമേ. നിന്റെ അറിവ് വിശാലമാണ്. ജനഹൃദയങ്ങളിലുള്ളത് നീ അറിയുന്നു. ഭാവിയിലെ പ്രവർത്തനങ്ങളെക്കുറിച്ചും നീ അറിയുന്നു . ഇവർ പിൻതിരിയുന്നവരാണെന്ന് ഒരു പക്ഷെ നിന്റെ അറിവിൽ ഉണ്ടായേക്കാം. ഇവർ നരകത്തിന്റെ ഇന്ധനമാകുന്നവരുമായേക്കാം. എന്നിരുന്നാലും നിന്റെ കാരുണ്യത്തെ വിശാലമാക്കിക്കൊണ്ട് ഇവരുടെ സൽപ്രവർത്തനങ്ങളെ നീ എന്നെന്നും നിലനിൽക്കുന്നതാക്കി മാറ്റേണമേ. അങ്ങനെ ഇവർ എപ്പോഴും നന്മ പ്രവർത്തിക്കുന്നവരായിത്തീരുകയും നരകാഗ്നിയിൽ നിന്ന് രക്ഷപ്പെടുന്നവരായിത്തീരുകയും ചെയ്യട്ടെ. നിന്റെ റഹ്മത്ത് അവരോടൊപ്പമുണ്ടെങ്കിൽ തീർച്ചയായും അവർക്ക് ഇതിനുള്ള തൗഫീഖും ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. റഹ്മാനും, ഗഫൂറും, റഹീമുമായ നമ്മുടെ നാഥനാണിത്. അവൻ മനുഷ്യന് പൊറുത്തുകൊടുക്കുന്നതിനും അവരെ നന്മയിൽ നിലനിറുത്തുന്നതിനും വേണ്ടി എല്ലാ മാർഗ്ഗവും അവലംബിക്കുന്നു. ഒരാൾ തിന്മ ചെയ്താൽ അതിന് അവൻ പത്തിരട്ടി ശിക്ഷ നൽകുന്നില്ല. എന്നാൽ നന്മ ചെയ്താൽ പത്തിരട്ടി പ്രതിഫലം നൽകുന്നു. ത്യാഗത്തിന്റെ നിലവാരമനുസരിച്ച് എഴുന്നൂറിരട്ടിവരെ പ്രതിഫലം അവൻ നൽകുന്നു. അല്ലാഹു പറയുന്നു. ഇതിനെക്കാളും കൂടുതൽ പ്രതിഫലം ഞാൻ നൽകുന്നതാണ്. കാരണം ഞാൻ وَاسِعٌ യ അല്ലാഹുവാണ്. എന്റെ പ്രതിഫലത്തിന് അതിരുകളില്ല. എന്നിട്ടും റഹ്മാനും റഹീമുമായ അല്ലാഹുവിനെ വിട്ട് കൊണ്ട് പിശാചിന്റെ വലയിൽ പെട്ട് താത്കാലിക സുഖത്തിന്റെ പിന്നാലെ പോകുന്ന മനുഷ്യൻ എന്തുമാത്രം നന്ദികെട്ടവനാണ്.

ഹദ്റത്ത് മൂസ(അ) ന്റെ ഒരു പ്രാർത്ഥനയെ പരാമർശിച്ചു കൊണ്ട് തന്റെ കാരുണ്യത്തെക്കുറിച്ച് അല്ലാഹു പറയുന്നു.

وَاكْتُبْ لَنَا فِيْ هٰذِهِ الدُّنْيَا حَسَنَةً وَّفِي
الْاٰخِرَةِ اِنَّا هُدْنَآ اِلَيْكَ ۭ قَالَ عَذَابِيْٓ
اُصِيْبُ بِهٖ مَنْ اَشَاۗءُ ۚ وَرَحْمَتِيْ
وَسِعَتْ كُلَّ شَيْءٍ ۭ فَسَاَكْتُبُهَا لِلَّذِيْنَ
يَتَّقُوْنَ وَيُؤْتُوْنَ الزَّكٰوةَ وَالَّذِيْنَ هُمْ
بِاٰيٰتِنَا يُؤْمِنُوْنَ ۝١٥٧ 7:157

ഞങ്ങൾക്ക് ഈ ലോകത്തും പരലോകത്തും നന്മ വിധിക്കേണമേ. ഞങ്ങൾ നിന്നിലേക്ക് മടങ്ങിയിരിക്കുന്നു. (അല്ലാഹു) പറഞ്ഞു: എന്റെ ശിക്ഷ ഞാനുദ്ദേശിക്കുന്നവർക്ക് ഞാൻ എത്തിക്കുന്നു. എന്റെ കാരുണ്യമാകട്ടെ സർവ്വവസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു.അതുകൊണ്ട്, സൂക്ഷ്മത പാലിക്കുകയും സക്കാത്തു കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് (കാരുണ്യം) ഞാൻ എഴുതിവയ്ക്കുന്നതാണ്. (7.157)

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് പോലെ വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ട സംഭവങ്ങളെല്ലാം ഭാവിയിൽ വരാൻ പോകുന്ന സംഭവങ്ങളെക്കുറിച്ചുള്ള പ്രവചനമായതുകൊണ്ട് ഈ ദുആകളും അന്നത്തെപ്പോലെ ഇന്നും സ്വീകരിക്കപ്പെടുന്നതും അതിൽ പറയപ്പെട്ട കാരുണ്യം മുമ്പത്തെപ്പോലെ ഇന്നും ലഭിക്കുന്നതുമാണ്. അല്ലാഹു പറഞ്ഞ നിബന്ധനകൾ മനുഷ്യൻ പൂർത്തിയാക്കാൻ ശ്രമിക്കണമെന്നുമാത്രം. അല്ലാഹു തന്റെ അറ്റമില്ലാത്ത കാരുണ്യത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നത് അത് എല്ലാ വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു എന്നാണ്. അതോടൊപ്പം മനുഷ്യന്റെ സൃഷ്ടി ഉദ്ദേശ്യത്തെക്കുറിച്ചും അറിയിക്കുന്നുണ്ട്. എന്റെ കാരുണ്യം വളരെ വിശാലമാണെങ്കിൽ കൂടി നിങ്ങൾക്കും ചില ഉത്തരവാദിത്വങ്ങൾ നാം നൽകിയിട്ടുണ്ട്. അതിനെ നിങ്ങൾ നിറവേറ്റുക. തഖ്‌വ സ്വീകരിക്കുകയും എന്നെ ആരാധിക്കുകയും മറ്റെല്ലാവരെക്കാളും കൂടുതൽ എന്നെ സ്നേഹിക്കുകയും എന്നോടുള്ള കടപ്പാടും സമസ്യഷ്ടികളോടുള്ള കടപ്പാടും നിർവ്വഹിക്കുന്നതിന്നായി ധനത്യാഗം ചെയ്യുകയും എന്റെ ആയത്തുകളിൽ വിശ്വസിക്കുകയും ചെയ്യുക. ഇവയാണ് ആ ഉത്തരവാദിത്വങ്ങൾ.

അല്ലാഹുവിന്റെ വരിഷ്ഠദാസരുടെ ആഗമനവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒന്നാണ്. കാരണം അവരുടെ വര

വോടുകൂടി അടയാളങ്ങളുടെ ഒരു ശൃഖല തന്നെ വെളിപ്പെടുന്നു. ഇക്കാലത്തും ഹദ്റത്ത് തിരുനബി (സ) യുടെ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനത്തോടുകൂടി അടയാളങ്ങളുടെ ഒരു ശൃംഖല തന്നെ അല്ലാഹു വെളിപ്പെടുത്തിക്കാണിച്ചു. സൂര്യച ന്ദ്രഗ്രഹണങ്ങൾ, ഭൂകമ്പങ്ങൾ, പ്ലേഗ്, ഈ ആധുനികയുഗത്തിലെ കണ്ടുപിടിത്തങ്ങൾ എന്നീ രൂപത്തിൽ ഈ അടയാളങ്ങൾ പ്രകടമാവുകയുണ്ടായി. ആ മഹാത്മാവിന്റെ ആഗമനത്തിനുശേഷം ഈ അട യാളങ്ങൾ അല്ലാഹു വെളിപ്പെടുത്തികാണിച്ചു. ഭൂകമ്പങ്ങൾ വർദ്ധിച്ചെന്നും, മുമ്പുണ്ടാകാറുണ്ടെങ്കിലും ഇത്രയും ശക്തമായ രീതിയിൽ ഉണ്ടാവാറില്ലെന്നും ജനങ്ങൾ അംഗീകരിക്കുന്നു. എന്നാൽ ഒരു വാദി ഇങ്ങനെയുള്ള അടയാളങ്ങൾ എന്റെ സത്യസാക്ഷ്യത്തിന്നായി വെളിപ്പെടുന്നതാണെന്ന് വാദിക്കുമ്പോഴാണ് ഇതെല്ലാം പ്രത്യേക അടയാളങ്ങളായിത്തീരുന്നത്. അല്ലാഹു പറയുന്നു. എന്റെ അടയാളങ്ങളെ നോക്കുക. അതിൽ വിശ്വസിക്കുക. ഞാൻ അയച്ച വ്യക്തിയെ പരിഹസിച്ചു തള്ളാതിരിക്കുക. അങ്ങനെയാണെങ്കിൽ എന്റെ കാരുണ്യം അനന്തമായി നിങ്ങൾക്ക് ലഭിക്കുന്നതാണ്. എന്റെ കാരുണ്യം വ്യാപിച്ചുകൊണ്ടിരിക്കുന്നതാണ്. സുകൃതന്മാർക്ക് ഇക്കാര്യങ്ങൾ വേഗത്തിൽ മനസ്സിലാകുകയും ചെയ്യും. എന്നാൽ മറ്റുള്ളവരെ സംബന്ധിച്ചെടുത്തോളം നമുക്ക് ഒന്നും പറയാൻ പറ്റില്ല. അല്ലാഹു ഉടമസ്ഥനാണ്. അവൻ ഇച്ഛിക്കുന്നവർക്ക് അവൻ ശിക്ഷ നൽകും എന്ന് അവൻ തന്നെ പറയുന്നു. ആർക്കാണോ പൊറുത്തുകൊടുക്കാൻ ഉദ്ദേശിക്കുന്നത് അവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്യുന്നതാണ്. അല്ലാഹു തന്റെ കാരുണ്യം മുഖേന മറ്റെല്ലാറ്റിനേയും വലയം ചെയ്തതുകാരണം അല്ലാഹു പൊറുത്തുതരും എന്ന ശുഭപ്രതീക്ഷയോടുകൂടി അവന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കാൻ മനുഷ്യർ ശ്രമിക്കേണ്ടതാണ്.

അല്ലാഹു തന്നിൽ അർപ്പിച്ചിരിക്കുന്ന കടമകൾ നിർവ്വഹിക്കാതെ അല്ലാഹുവിന്റെ കാരുണ്യം വിശാലമായതുകൊണ്ട് എന്തായാലും പൊറുക്കപ്പെടും അതിനാൽ എന്തും ചെയ്യാം എന്ന നിലപാടല്ല ഒരു യഥാർത്ഥ വിശ്വാസി സ്വീകരിക്കുക. ഈ നിലപാട് ഭോഷന്മാരുടെ നിലപാടാണ്. അല്ലാഹുവിന്റെ സിഫത്തുകളെക്കുറിച്ചുള്ള അറിവില്ലാത്തവരുടെ പ്രവർത്തിയാണത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിനെ ഈ രീതിയിലാണ് വിശദീകരിക്കുന്നത്.

ഈ ആയത്തിൽ നിന്നും മനസ്സിലാക്കുന്നത് കാരുണ്യം എല്ലാവർക്കും ഉള്ളതാണെന്നും അത് വിശാലമാണെന്നുമാണ്. എന്നാൽ കോപം അഥവാ നീതി ചില കാരണങ്ങൾ ഉണ്ടാകുമ്പോഴാണ് പ്രകടമാകുന്നതെന്നാണ്. ദൈവിക നിയമം ലംഘിച്ചതിനുശേഷമാണ് കോപം പ്രകടമാക്കപ്പെടുന്നത്.

അല്ലാഹു നിശ്ചയിച്ചിരിക്കുന്ന പ്രകൃതി നിയമത്തെ അതിലംഘിക്കുന്നവർക്ക് അല്ലാഹു ശിക്ഷ നൽകുന്നു. അതുകൊണ്ടാണ് അവൻ തെറ്റുകുറ്റങ്ങൾ ചെയ്യുന്നവർക്ക് ഞാൻ റഹ്മത്ത് വിശാലമാക്കിയിട്ടുണ്ടെന്ന് പറയാതിരുന്നത്. തഖ്‌വ സ്വായത്തമാക്കുന്നവർക്കും വിശ്വസിക്കുന്നവർക്കും എന്റെ റഹ്മത്ത് ലഭിക്കുന്നതാണെന്ന് അവൻ പറയുന്നു. ഈ റഹ്മത്ത് ലഭിക്കുവാനാണ് ഒരു മുഅ്മിൻ പരിശ്രമിക്കേണ്ടത്. അല്ലാഹുവിന്റെ അതിവിശാലമായ റഹ്മത്തിനെ, കാരുണ്യത്തെ പ്രതീക്ഷിക്കുകയും ചെയ്യുക. അല്ലാഹു നമുക്കെല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 08 - 05 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**